# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നമ്പർ : 3497/11/12/2025/

പരാതികക്ഷി ബാബു കുമാർ, C No 3852,സെൻട്രൽ പ്രിസൺ,, പൂജപ്പുര തിരുവനന്തപുരം

എതിർകക്ഷികൾ

ഉത്തരവ് തീയതി 18.12.2025

ജീവപര്യന്തം ശിക്ഷാ തടവുകാരനായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ 20.04.2004 മുതൽ കഴിഞ്ഞുവരുന്ന പരാതികക്ഷിക്ക് തൻറെ രണ്ടാമത്തെ ഭാര്യയുടെ കളവായ പരാതിയിൽ പരോൾ അനുവദിക്കുന്നില്ലയെന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ സെൻട്രൽ ജയിൽ സൂപ്രണ്ട് 13.06.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷി നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺസ് ആൻഡ് കറക്ഷണൽ ഹോമിൽ നിന്ന് അവധിയിൽ ഇറങ്ങിയ സമയം ഭാര്യയും മക്കളെയും കൊന്ന് കളയുമെന്ന് ഭീഷണിപ്പെടുത്തുകയും വീട്ടുസാധനങ്ങൾ വലിച്ചെറിയുകയും ആയതിനാൽ ടിയാന് അവധി അനുവദിക്കരുതെന്ന് ആവശ്യപ്പെട്ട് ടിയാന്റെ ഭാര്യ നെട്ടുകാൽത്തേരി പ്രിസൺ സൂപ്രണ്ടിന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ പോലീസ് റിപ്പോർട്ടിൽ ടിയാൻ തന്റെ ഭാര്യയെയും മക്കളെയും അപായപ്പെടുത്താൻ ഇടയുണ്ടെന്നും ആയതിനാൽ അവധി അനുവദിക്കുന്നതിന് ആക്ഷേപം ഉണ്ടെന്ന് അറിയിച്ചതിനാൽ ജയിലിൽ നിന്നും അവധി അനുവദിച്ചിട്ടില്ല എന്നും, കൂടാതെ ടി തടവുകാരന്റെ മാതാവ് ശ്രീമതി കമല തന്റെ മകൻ ബാബു കുമാറിന് അവധി അനുവദിക്കുന്നതിനായി ബഹു ഹൈക്കോടതിയിൽ WP(Crl) No.93/2024 ആയി ഫയൽ ചെയ്ത ഹർജിയിൽ 8 ആഴ്ചയ്ക്കകം തീരുമാനമെടുക്കാൻ ബഹു ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ജില്ല പ്രൊബേഷൻ ഓഫീസർക്കും ഇൻസ്പെക്ടർ ജനറൽ & കമ്മീഷണർ ഓഫ് പോലീസ് അവർകൾക്കും ഈ ഓഫീസിൽ നിന്നും കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ പ്രൊബേഷൻ റിപ്പോർട്ട് ചില വ്യവസ്ഥകളിൽ മേൽ ടിയാന് സാധാരണ അവധി അനുവദിക്കുന്നതിലേക്കായി ശുപാർശ ചെയ്യുകയും എന്നാൽ പോലീസ് റിപ്പോർട്ട് പ്രതികൂലവും ആണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ച് കാണുന്നു.

പരാതി പരിഗണനയ്ക്കെടുത്ത 18.12.2025 പരാതികക്ഷിയെ ഹാജരാക്കി. താൻ 2019 വരെ പരോളിൽ ഇറങ്ങിയിട്ടുണ്ടെന്നും, യാതൊരു പരാതിയും ഉണ്ടായിട്ടില്ല എന്നും എന്നാൽ 2019 ശേഷം ആണ് പരോൾ നിരസിക്കുന്നതെന്നും, രണ്ടാമത്തെ ഭാര്യ ദുരുദ്ദേശത്തോടുകൂടിയാണ് വ്യാജമായി പരാതി നൽകുന്നതെന്നും, താൻ ശ്രീകാര്യം പോലീസ് സ്റ്റേഷൻ പരിധിയിലാണ് താമസിക്കുന്നതെന്നും, എന്നാൽ കഴക്കൂട്ടം പോലീസ് സ്റ്റേഷനിലെ റിപ്പോർട്ട് പരിഗണിച്ചാണ് അവധി അപേക്ഷ നിരസിക്കുന്നതെന്നും ഹർജികക്ഷി പറയുന്നു.

4. പരാതികക്ഷി പരോൾ ലഭിക്കുന്നതിനായി പുതതായി അപേക്ഷ നൽകുക. അപ്രകാരം അപേക്ഷ ലഭിച്ചാൽ തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയിൽ നിന്നും റിപ്പോർട്ട് വാങ്ങേണ്ടതാണ് .തിരുവനന്തപുരം സിറ്റി ജില്ല പോലീസ് മേധാവി അസിസ്റ്റന്റ് പോലീസ് കമ്മീഷണറെ കൊണ്ട് നീതിപൂർവ്വവും സത്യസന്ധമായ അന്വേഷണം നടത്തിക്കേണ്ടതാണ്. പരാതികക്ഷിക്ക് പരോൾ അനുവദിച്ചാൽ ടിയാന്റെ ഭാര്യയ്ക്ക് എന്തെങ്കിലും അപകടം ഉണ്ടാകാൻ സാധ്യത ഉണ്ടോ എന്നുള്ള കാര്യം നിഷ്പക്ഷമായി അന്വേഷിച്ച് ഒരു റിപ്പോർട്ട് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നൽകേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പരോൾ അപേക്ഷയിൽ രണ്ടുമാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന നിർദ്ദേശത്തോട് കൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് തിരുവനന്തപുരം സെൻട്രൽ പ്രിസൺസ് ആൻറ് കറക്ഷണൽ ഹോം സൂപ്രണ്ട്, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ, ഹർജികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ